**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തച്ചമ്പാറ ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല – 2008-09 മുതൽ 2010-11 വരെയുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-2, 3-12, 3-9, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ (സാധാ) നം. 3890/15/തസ്വഭവ. തിരുവനന്തപുരം, തീയതി: 30/12/2015

പരാമർശം:-
1) പഞ്ചായത്ത് ഡയറക്ടറുടെ 11/05/2015-ലെ എം3-13002/15 നമ്പർ കത്ത്.
2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 29/05/2015-ലെ എൽ.എഫ്.7565/പി.റ്റി2/2015 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11 വരെയുള്ള വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.2 പ്രകാരം പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ജലസേചനക്കിണർ പദ്ധതി പ്രകാരം നാമമാത്ര കർഷകരല്ലാത്ത 4 പേർക്ക് 5,000/- രൂപ വീതം സബ്സിഡി നൽകിയത് സബ്സിഡി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാൽ ചെലവഴിച്ചതായ 20,000/-രൂപ, 2008-09 മുതൽ 2010-2011 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 ൽ 19/12/2004 ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാതെ തനത് ആസ്തികളുടെ നിർമ്മാണം ഉൾപ്പടെ ഗ്രാന്റ് വക മാറ്റി ചെലവഴിച്ച 9,55,336/-രൂപ, 2008-09 മുതൽ 2010-11 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-12-ൽ തനത് ആസ്തികളുടെ വരുമാനം ഉൾപ്പടെ ഗ്രാന്റ് വകമാറ്റി ചെലവഴിച്ച 6,48,645/-രൂപ, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 ൽ പാലക്കയം മൃഗാശുപത്രിക്ക് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിച്ചത് മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാൽ ചെലവഴിച്ച 3,01,942/-രൂപ എന്നിവ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയും ഭരണസമിതി തീരുമാനവും ആഡിറ്റ് പരാമർശത്തിന്റെ പകർപ്പും ഓഡിറ്റ് മോണിറ്ററിംഗ് സമിതി തീരുമാനവും സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ സർക്കാർ മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായതിനാലാണ് പ്രസ്തുത തുക തടസ്സപ്പെടുത്തിയത്. ആയതിനാൽ പ്രസ്തുത ചെലവിനു സാധൂകരണം നൽകേണ്ട വിഷയത്തിലും തുക ക്രമീകരിക്കുന്ന വിഷയത്തിലും സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പരാമർശം 2 പ്രാകരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായത്തിന്റെയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ തച്ചമ്പാറ ഗ്രാമപഞ്ചായത്തിന്റെ 2008-09 മുതൽ 2010-11വരെയുള്ള വർഷത്തെ ഖണ്ഡിക 3.2 പ്രകാരം ചെലവഴിച്ചതായ 20,000/-(ഇരുപതിനായിരം രൂപ മാത്രം) രൂപ, 2008-09 മുതൽ 2010-2011 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 ൽ ചെലവഴിച്ച 9,55,336/-(ഒമ്പത് ലക്ഷത്തി അമ്പത്തി അയ്യായിരത്തി മുന്നൂറ്റി മുപ്പത്തിയാറ് രൂപ മാത്രം) രൂപ, 2008-09 മുതൽ 2010-11 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-12-ൽ ചെലവഴിച്ച 6,48,645/-(ആറ് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി അറന്നൂറ്റി നാല്പത്തിയഞ്ച് രൂപ മാത്രം) രൂപ, 2011-12 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3ൽ ചെലവഴിച്ച 3,01,942/-(മൂന്ന് ലക്ഷത്തി ആയിരത്തി തൊള്ളായിരത്തി നാൽപത്തിരണ്ട് രൂപ മാത്രം)രൂപ എന്നീ ചെലവുകൾക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.ആർ.പഴനിയമ്മ

ഡെപ്യൂട്ടി സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തച്ചമ്പാറ ഗ്രാമപഞ്ചായത്ത്, പാലക്കാട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ